(ഡി) നിലവിലുള്ള 5 MVA ട്രാൻസ്ഫോർമർ മാറ്റി 8 MVA സ്ഥാപിക്കുന്നതിനും, പുതിയതായി രണ്ട് 11 കെ.വി. ഫീഡറുകൾ സ്ഥാപിക്കുന്നതിനും, Outdoor VCB മാറ്റി Indoor VCB സ്ഥാപിക്കുന്നതിനും, Control Room വിപുലീകരിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കട്ടനാട് വൈദ്യുത പാക്കേജ്

85 (452) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 42 കോടി രൂപയുടെ കട്ടനാട് വൈദ്യുത പാക്കേജിൽ നാളിതുവരെ കുട്ടനാട്ടിൽ നടന്ന വികസന പ്രവർത്തനങ്ങൾ വിശദമാക്കുന്ന റിപ്പോർട്ട് ലഭ്യമാക്കുമോ ; പ്രസ്തുത പാക്കേജിൽ ഇക പൂർണ്ണമായും ചെലവഴിച്ചോ ;

(ബി) മങ്കൊമ്പ് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് കെട്ടിടത്തിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 42 കോടി രൂപയുടെ നവീകരണ/ പുനഃരുദ്ധാരണ പ്രവർത്തികളിൽ, 40.69 കോടി രൂപയുടെ പ്രവൃത്തികൾ കാലാവധിക്കുള്ളിൽ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ കുട്ടനാട്ടിൽ നടന്ന വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

1. പഴകിയതോ കേടുവന്നതോ ആയ തേക്കിൻ കഴകൾ മാറ്റി പുതിയ പി.എസ്.സി. പോളുകൾ സ്ഥാപിക്കൽ :

എച്ച്.റ്റി.	3206 എണ്ണം
എൽ.റ്റി.	11953 എണ്ണം

2. പോസ്റ്റ് ഇൻസേർഷൻ :

എച്ച്.റ്റി.	1550 എണ്ണം
എൽ.റ്റി.	921 എണ്ണം

3. കണ്ടക്ടർ മാറ്റൽ, ലൈൻ പുനർവിന്യസിക്കൽ :

എച്ച്.റ്റി.	188.98 കി. മീ.
എൽ.റ്റി.	306.6 കി.മീ.

LIBRARY ARCHIVES Kerala Legislative Assembly

4. സ്റ്റേ സ്ഥാപിക്കൽ :

എച്ച്.റ്റി.	9136 എണ്ണം
എൽ.റ്റി.	2695 എണ്ണം

5. ലൈൻ വലിച്ചുകെട്ടൽ :

എച്ച്.റ്റി.	21.95 കി. മീ.
എൽ.റ്റി.	10.2 കി. മീ.

6. ട്രാൻസ്ഫോർമർ സ്റ്റേഷനുകളുടെ നവീകരണം	277 എണ്ണം
7. എച്ച്.റ്റി. ലൈൻ നിർമ്മാണം	71.89 കി. മീ.
8. എൽ.റ്റി. ലൈൻ നിർമ്മാണം	200.24 കി. മീ.
9. എ.ബി.സി. ഉപയോഗിച്ച് എൽ.റ്റി. ലൈൻ നിർമ്മാണം	1.2 കി. മീ.
10. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ	63 എണ്ണം
11. എച്ച്.റ്റി. ലൈൻ റീ-കണ്ടക്ടറിംഗ്	47.77 കി.മീ.
12. എൽ.റ്റി. ലൈൻ റീ-കണ്ടക്ടറിംഗ്	563.77 കി. മീ.

(ബി) മങ്കൊമ്പ് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം പ്രീ-ഫാബ് ടെക്നോളജി ഉപയോഗിച്ച് ചെയ്യുന്ന കാര്യം വൈദ്യുതി ബോർഡ് പരിശോധിച്ചുവരുന്നു.

ഊർജ്ജിത ഊർജ്ജ വികസന പദ്ധതി

86 (453) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ഇ.ബി. ചങ്ങനാശ്ശേരി മേജർ സെക്ഷനിൽ ആരംഭിച്ച ഊർജ്ജിത ഊർജ്ജ വികസന പദ്ധതിയിൽ നിശ്ചയിച്ചിരുന്ന പദ്ധതികൾ പൂർത്തിയായോ ; ഇല്ലെങ്കിൽ ബാക്കി പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

ഇല്ല. പ്രസ്തുത പ്രവൃത്തികൾ 31-8-2016-ന് മുമ്പ് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly